# അഴീക്കോടിന് മന്ത് ഇപ്പോൾ ഇടതുകാലിൽ

**മഹാശ്വേതാദേവി** കേരളത്തിലെത്തിയതിന്റെ ഭാഗമായുണ്ടായ വിവാദങ്ങൾ കേരളത്തിലെ തലനരച്ച ചില സാംസ്കാരിക പ്രവർത്തകരുടെയും ഇടതുപക്ഷ വിധേയത്വം പുലർത്തുന്ന ചില സാഹിത്യകാരന്മാരുടെയും നിലപാടില്ലായ്മയും അപചയവും പുറത്തു കൊണ്ടുവരാൻ കാരണമായതിൽ അതിയായ സന്തോഷമുണ്ട്. ബംഗാളിലെ ആദിവാസികൾക്കും, അടിസ്ഥാനവർഗ്ഗ ജനവിഭാഗങ്ങൾക്കും വേണ്ടി നാളുകളായി പ്രവർത്തിക്കുകയും സാമൂഹിക യാഥാർത്ഥ്യങ്ങൾ തന്റെ കൃതികളിലൂടെ പ്രതിഫലിപ്പിക്കുകവഴി വലിയ സ്വീകാര്യതയും ഒപ്പം വിമർശനങ്ങളും എക്കാലവും നേടുകയും ചെയ്ത മഹാശ്വേതാ ദേവിയെപ്പോലെയുള്ള ഒരു എഴുത്തുകാരിയെ അപമാനിക്കുക വഴി സുകുമാർ അഴീക്കോടിനെപ്പോലെയുള്ള സ്വയം പ്രഖ്യാപിത 'സാംസ്കാരിക നായക'ന്റെ കപടത കേരള ജനതയ്ക്ക് ബോധ്യമായിരിക്കുകയാണ്. കണ്ണൂരിൽ ഡി.വൈ.എഫ്.ഐ.യുടെ യോഗം ഉദ്ഘാടനം ചെയ്യവെ മഹാശ്വേതാദേവി രാഷ്ട്രത്തിന് അപമാനമെന്നാണ് അദ്ദേഹം പറഞ്ഞത്. മഹാശ്വേതാദേവിയുടെ തെറ്റായ ആരോപണങ്ങളെ തിരുത്താൻ അക്കാദമി പ്രസിഡന്റ് മുകുന്ദനല്ലാതെ ആരുണ്ടെന്ന് അദ്ദേഹം ആക്രോശിച്ചു. ഡി.വൈ.എഫ്.ഐ.യുടെ വേദിയിൽ അവർക്കനുകൂലമായ രീതിയിൽ സംസാരിച്ച്, സർക്കാരിനെ വിമർശിച്ചവരെ താഴ്ത്തിക്കെട്ടി, ഇടതുസർക്കാരിന് സ്തുതികീർത്തനങ്ങൾ പാടി അഴീക്കോടിന്റെ പ്രസംഗകല ഒരിക്കൽക്കൂടി അതിന്റെ നിലപാടില്ലായ്മ മൈക്കിലൂടെ വിളിച്ചു പറഞ്ഞിരിക്കുകയാണ്. ദേശാഭിമാനി പത്രത്തിൽ ഇതേ വിഷയത്തെക്കുറിച്ച് 'മറയില്ലാതെ' എഴുതി (മഹാശ്വേതാദേവി വന്നു, പറഞ്ഞു, കുഴഞ്ഞു) അഴീക്കോട് തന്റെ മുടന്തൻ ന്യായങ്ങൾക്ക് സാംസ്കാരിക ന്യായം നൽകിയിരിക്കുന്നു. മൂലമ്പിള്ളിയിൽ നടന്ന കുടിയൊഴിപ്പിക്കലിനെതിരെ സാംസ്കാരിക കേരളം മൗനം പാലിച്ചു എന്നതായിരുന്നു മഹാശ്വേതാദേവിയുടെ ആരോപണം. മുലമ്പിള്ളിയിൽ നടന്ന അനീതിയ്ക്ക് യാതൊരുവിധമായ ന്യായീകരണങ്ങളില്ലാത്തതിനാലും മൂലമ്പിള്ളിക്കാരുടെ പ്രശ്നങ്ങൾക്ക് ഇത്ര നാളുകൾ കഴിഞ്ഞിട്ടും പരിഹാരം കണ്ടെത്താൻ കഴിയാത്തതിനാലും മഹാശ്വേത ദേവി ഉന്നയിച്ച ചോദ്യങ്ങളിൽ ന്യായമുണ്ടെന്ന് സാമൂഹിക ബോധമുള്ള ആർക്കും ബോധ്യമാകും. കേരളത്തിലെ സി.പി.ഐ.(എം)നെ നന്നാക്കാനിറങ്ങിത്തിരിച്ചിരിക്കുന്ന അധിനിവേശ പ്രതിരോധ സമിതിയുടെ നേതൃത്വത്തിൽ നടന്ന യോഗത്തിൽ പങ്കെടുക്കാനെത്തിയതുകൊണ്ട് മഹാശ്വേതാദേവിയുടെ അഭിപ്രായത്തിൽ വിഭാഗീയതയുടെ അംശങ്ങൾ കണ്ടെത്താൻ ശ്രമിക്കുകയാണ് അഴീക്കോടും. മൂലമ്പിള്ളിയിലെ സമരക്കാരെ താൻ സന്ദർശിച്ചതും അവരോടു സംസാരിച്ചതും അത് പത്രത്തിൽ വന്നതുമായ കാര്യങ്ങൾ മഹാശ്വേതാദേവിയെ മനഃപൂർവ്വം ആരോ കാണിക്കാതെയിരുന്നുവെന്നാണ് അഴീക്കോട് ദേശാഭിമാനിയിലെ ലേഖനത്തിൽ പറയുന്നത്. എന്നാൽ പതിവു പോലെ പ്രസംഗ സന്ദർശനത്തിനെത്തിയതൊഴിച്ചാൽ അഴീക്കോട് എന്ത് ഐക്യദാർഢ്യ പിന്തുണയാണ് മൂലമ്പിള്ളിക്കാർക്ക് നൽകിയത്. കിടക്കാനിടമില്ലാതെ കുടിയൊഴിപ്പിക്കപ്പെട്ട മൂലമ്പിള്ളിക്കാർ ഇന്നും താത്കാലിക ഷെഡുകളിൽ കഴിയുമ്പോൾ അഴീക്കോട് ഇന്ന് ആർക്കുവേണ്ടിയാണ് സംസാരിക്കുന്നത്. അല്ലെങ്കിലും യോഗത്തിന്റെ സ്വഭാവത്തിനനുസരിച്ച് പ്രസംഗത്തിലെ അഭിപ്രായങ്ങൾ തീരുമാനിക്കുന്ന അഴീക്കോടിനെപ്പോലെയുള്ള നിലപാടില്ലാത്ത സാംസ്കാരിക നായകന്റെ മൗനത്തെയായിരിക്കില്ല മഹാശ്വേതാദേവിയും ഉദ്ദേശിച്ചിരുന്നത്. മന്ത് കാല് മാറിവരും എന്ന് പറയുന്നതുപോലെ യോഗത്തിനൊത്ത് അഭിപ്രായം മാറ്റിപറയുന്നവരുടെ 'സാംസ്കാരിക' പിന്തുണയ്ക്ക് ആരാണ് വില കല്പിക്കുന്നത്.


*അബ്ദുള്ളക്കുട്ടി, പേരാമ്പ്ര, കോഴിക്കോട്*

books x magazines x periodicals
BYWORD
BOOKS
marva plaza, machingal lane, m.g. road, thrissur
Tel. : 0487 3256689, Mob : 9847764577
for rare and new books

With best compliments from
CENTRE FOR POST GRADUATE STUDIES
P.G. Centre
North Bus Stand, Thrissur-20.
Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com

# സാമൂഹിക പ്രവർത്തകർ പ്രതികരിക്കുക

ടി. ടി. ശ്രീകുമാറിന്റെ 'സിവിൽ സമൂഹവും ഇടതുപക്ഷവും' എന്ന പുസ്തകത്തെ നിരൂപണം ചെയ്ത് സി.ആർ. പരമേശ്വരൻ കേരളീയത്തിന്റെ ഏപ്രിൽ ലക്കത്തിലെഴുതിയ 'സിവിൽ സമൂഹത്തെ പുനഃസൃഷ്ടിക്കാൻ' എന്ന ലേഖനം മികവുറ്റതും കാലോചിതവുമായി. കേരളത്തിലെ സിവിൽ സമൂഹത്തെ ശക്തിപ്പെടുത്തുന്നതിനായി ശ്രീകുമാർ എഴുതിയ പുസ്തകം അത്തരമൊരു സാമൂഹിക നിർമ്മിതിയ്ക്കാവശ്യമായ പാണ്ഡിത്യമുൾക്കൊള്ളുന്നുണ്ടോ എന്ന് വ്യക്തമായി ലേഖനത്തിൽ സി.ആർ. പരമേശ്വരൻ പരിശോധിക്കുന്നുണ്ട്. ശുഭാപ്തിവിശ്വാസം കമ്മിയായ ഒരാളെന്ന നിലയിൽ നവസാമൂഹിക പ്രസ്ഥാനങ്ങളോട് വിമർശനാത്മക സമീപനം പുലർത്തിക്കൊണ്ട് അദ്ദേഹം ഉന്നയിക്കുന്ന വിമർശനങ്ങൾ ചില കടുത്ത യാഥാർത്ഥ്യങ്ങളെ പുറത്തുകൊണ്ടുവരുന്നതാണ്. ശ്രീകുമാർ പ്രതീക്ഷിക്കുന്നിടത്തോളം രാഷ്ട്രീയ സത്യസന്ധതയും, ജനാധിപത്യബോധവും കക്ഷിരാഷ്ട്രീയത്തിന്റെ സ്വഭാവഘടനകളിൽനിന്നും ഭിന്നമായ പ്രവർത്തന രീതിയും സ്വരൂപിച്ചിട്ടില്ല എന്നത് യാഥാർത്ഥ്യബോധത്തോടെ കേരളത്തിലെ നവസാമൂഹിക പ്രസ്ഥാനങ്ങളെന്ന് വിളിക്കാവുന്ന പ്രസ്ഥാനങ്ങളെ അടുത്ത് നിന്ന് വീക്ഷിക്കുന്നവർക്ക് മനസ്സിലാകും. ഉദ്ദേശശുദ്ധിയുണ്ടെങ്കിലും വേഗത്തിലുള്ള കാര്യസാദ്ധ്യത്തിനായി പലപ്പോഴും ഇത്തരം പ്രസ്ഥാനങ്ങൾ കക്ഷിരാഷ്ട്രീയത്തിന്റെ പരീക്ഷിച്ച് പഴകിയ പ്രവർത്തന തന്ത്രങ്ങളിലേക്ക് വഴുതി വീഴുകയാണ് പതിവ്. സാമൂഹികമാറ്റത്തിനായുള്ള ഒരു ചാലകശക്തിയായി പ്രവർത്തിക്കുന്നതിന് പകരം കേരളത്തിലെ പല ജനകീയ സമരങ്ങളും സാമൂഹിക




പ്രവർത്തകരും സമരത്തിന്റെ വിജയവും പരാജയവും നിർണ്ണയിക്കുന്നതിനായി തിരഞ്ഞെടുക്കുന്ന മാനദണ്ഡങ്ങൾപോലും പലപ്പോഴും സമരത്തിന്റെ യഥാർത്ഥ ലക്ഷ്യങ്ങളെയും അതുയർത്തുന്ന അല്ലെങ്കിൽ അതിനൊപ്പം നേടിയെടുക്കേണ്ട ചില സാമൂഹിക ലക്ഷ്യങ്ങളെയും തിരിച്ചറിയാതെയാണ് തീരുമാനിക്കുന്നത്. സോളിഡാരിറ്റിയെയും സ്വദേശി ജാഗരൺമഞ്ചിനെയും പോലെയുള്ള വർഗ്ഗീയ സംഘടനകൾ സാമൂഹിക പ്രസ്ഥാനങ്ങളുടെ പട്ടികയിലേക്ക് കടന്ന് കൂടുന്നതുപോലും നമ്മൾ പലപ്പോഴും തിരിച്ചറിയാറില്ല, തിരിച്ചറിഞ്ഞാലും പരിഗണിക്കാറില്ല. ഇന്ത്യയിൽ പലയിടത്തും നവ സാമൂഹ്യ പ്രസ്ഥാനങ്ങളുടെ ഏകീകരണത്തിനും പുതിയ പ്രവർത്തന പാതകൾ രൂപപ്പെടുത്തുന്നതിനും സഹായകമായത് വർഗ്ഗീയതയ്ക്കെതിരെ നടന്ന ജനകീയ ക്യാംപെയിനുകളും സമരങ്ങളും കൂടിയാണെന്ന് നമ്മളോർക്കണം.

നമ്മുടെ ജനാധിപത്യത്തിന്റെ പ്രശ്നങ്ങളെ ഇനിയും ശരിയായ വിധം തിരിച്ചറിയാത്തതിനാലാണ് കേരളത്തിലെ നവസാമൂഹിക പ്രസ്ഥാനങ്ങൾ എപ്പോഴും ശരിയായ ജനാധിപത്യ സംസ്കാരമുണ്ടാക്കിയെടുക്കുന്നതിൽ പരാജയപ്പെട്ടുകൊണ്ട് രാഷ്ട്രീയ പാർട്ടികളുടെ ചെയ്തികളെ കുറ്റം പറയുന്നതിൽ മാത്രം അഭിരമിയ്ക്കുന്നത്. നമ്മുടെ സംസ്കാരത്തിന്റെ ജീർണ്ണിച്ച പല മൂല്യബോധങ്ങളെയും പൂർണ്ണമായി ഉപേക്ഷിക്കാൻ കഴിയാതെ, ലോകത്തെമ്പാടുമുണ്ടാകുന്ന പുതിയ മാറ്റങ്ങളെ ത്തെന്നറിയാതെ അതിനോട് പുറം തിരിഞ്ഞ് നിൽക്കുന്നവരുടെ ഒരു കൂട്ടവും നമ്മുടെ നവസാമൂഹ്യ പ്രസ്ഥാനങ്ങളുടെ നേതൃത്വനിരയിൽ പ്രവർത്തിക്കുന്നത് അവയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

നവസാമൂഹിക പ്രസ്ഥാനങ്ങളുടെ ജനപിന്തുണയില്ലായ്മയും വിഭവശേഷിയില്ലായ്മയും ദുരവസ്ഥയും മനസ്സിലാക്കി ഒരുപാട് നിക്ഷിപ്ത താത്പര്യക്കാർ സമരമുഖത്തേക്ക് കടന്നു വരുന്നതിനെക്കുറിച്ച് സി. ആർ. പരമേശ്വരൻ തന്നെ ലേഖനത്തിൽ സൂചിപ്പിക്കുന്നുണ്ട്. കേരളത്തിലെ പരിസ്ഥിതി പ്രവർത്തകർക്ക് പരിസ്ഥിതി വിഷയങ്ങളിലും മറ്റുമുള്ള ശാസ്ത്രീയ സമീപനത്തിന്റെ അഭാവത്തെയും, സാമൂഹ്യമായ പരിസരബോധത്തിന്റെ കുറവിനെയും, സംവാദങ്ങൾക്കുള്ള സന്നദ്ധത പ്രകടിപ്പിക്കാത്തതിനെയും സി. ആർ. പരമേശ്വരൻ ലേഖനത്തിൽ ചോദ്യം ചെയ്യുന്നുണ്ട്. ഉദ്ദേശ ശുദ്ധിയെയും ആത്മാർത്ഥതയേയും ചോദ്യം ചെയ്യാതെ യഥാർത്ഥ ബോധത്തിലൂന്നി അദ്ദേഹം ഉന്നയിച്ച ഈ വിമർശനങ്ങളോട് കേരളത്തിലെ സാമൂഹിക പ്രവർത്തകർ അടിയന്തിരമായി പ്രതികരിക്കേണ്ടിയിരിക്കുന്നു, വെല്ലുവിളികൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

*ജോൺസി മറ്റത്തിൽ, പ്രവിത്താനം, പാലാ*





## കത്തെഴുത്ത് കൂട്ടായ്മ

പ്രിയ സുഹൃത്തേ,
പ്രസിദ്ധീകരണങ്ങളിലെ കത്തുകൾ വായിക്കുകയോ, കത്തുകൾ അയയ്ക്കുകയോ ചെയ്യുന്ന ആളാണല്ലോ താങ്കളും. ഇക്കാലത്തും കത്തെഴുത്തിന് പ്രസക്തിയുണ്ടെന്ന് കരുതുന്നവരുടെ കൂട്ടായ്മ ഉദ്ദേശിക്കുന്നു. വായനക്കാർ പ്രസിദ്ധീകരണങ്ങളുടെ ഉന്നവും മൂലധനവും ജീവനാഡിയും ആയതിനാൽ വായനക്കാരുടെ അഭിപ്രായങ്ങൾ പൂർവ്വാധികം പരിഗണിക്കാൻ സമ്മർദ്ദമുണ്ടാകണം. ആകെ കത്തെഴുത്തിനുള്ള ഇടം മാത്രമാണ് വായനക്കാർക്കിന്നുള്ളത്. അയച്ച കത്തുകളുടെ കാൽഭാഗം പോലും പ്രസിദ്ധീകരിക്കപ്പെടാറില്ല എന്നതാണ് കത്തുകളുടെ അനുഭവം. പ്രസിദ്ധീകരിക്കാറുള്ള കത്തുകൾ പലതും തിരസ്ക്കരിച്ച നിലവാരമുള്ള കത്തുകളുടെ ഏഴയലത്തുപോലും എത്താത്തതുമാണ്. ഇത് മാറ്റേണ്ടതാണ്. ഇത്തരം സാഹചര്യത്തിൽ ഏറ്റവും സർഗ്ഗാത്മകമായ അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും വിലയിരുത്തലുകളും ഉൾക്കൊള്ളുന്ന കത്തുകൾക്ക് പ്രോത്സാഹനം നൽകുന്നതിനും, കത്തിന് കൂടുതൽ ഇടമുണ്ടാക്കിയെടുക്കുന്നതിനും കത്തെഴുത്തിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കാനും വേണ്ടി ഒരു ടീംവർക്ക് പ്ലാൻ ചെയ്യണം.
തുടക്കത്തിൽ ഉദ്ദേശിക്കുന്നത് പ്രസിദ്ധീകരണങ്ങൾക്ക് അയയ്ക്കുന്ന കത്തുകളുടെ ഒരു കോപ്പി ഈ ടീമിനും അയയ്ക്കുക എന്നതാണ്. പ്രസിദ്ധാകരിക്കപ്പെടാതെ വന്നാൽ ഈ ടീം സാധ്യമാകുന്ന മാർഗ്ഗങ്ങളിൽ എവിടെയെങ്കിലും പ്രസിദ്ധീകരിക്കാൻ ശ്രമിക്കും. പ്രസിദ്ധീകരിക്കാതിരുന്ന മികച്ച കത്തുകൾ അങ്ങിനെ വെളിച്ചം കാണിക്കും. പ്രസിദ്ധീകരിച്ചതും ഏർപ്പെടുത്താനും ആലോചിക്കുന്നു. ഈ ടീംവർക്കിൽ ഉൾപ്പെടാൻ താൽപ്പര്യമുണ്ടെങ്കിൽ അറിയിക്കുക. അഭിപ്രായങ്ങൾക്കും. നിർദ്ദേശങ്ങൾക്കും സ്വാഗതം.
ആദരവോടെ,

*ഡേവീസ് വളർക്കാവ്*
*പൊന്നൂക്കര, തൃശൂർ*

## സൃഷ്ടികൾ ക്ഷണിക്കുന്നു

അന്വേഷി വിമെൻസ് ലൈബ്രറി ഈ വർഷവും സ്ത്രീകൾക്കു മാത്രമായി സ്ത്രീപക്ഷ കലാസാഹിത്യ രചനാ മത്സരം നടത്തുന്നു. കഥ, കവിത, ലേഖനം, നാടകം, ചിത്രരചന എന്നീ ഇനങ്ങളിലാണ് മത്സരം. സൃഷ്ടികൾ കടലാസ്സിന്റെ ഒരു പുറത്ത് മാത്രമെ എഴുതാൻ പാടുള്ളു. പേരും വിലാസവും പ്രത്യേകം കടലാസ്സിൽ എഴുതി പിൻ ചെയ്യണം. മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ മലയാളത്തിൽ ആയിരിക്കണം. രചനകൾ ജൂലായ് 15ന് മുമ്പ് കിട്ടത്തക്ക വിധം താഴെ കൊടുത്ത വിലാസത്തിലേക്ക് അയക്കുക. സൃഷ്ടികൾ ഒരു കാരണവശാലും തിരിച്ചയക്കുന്നതല്ല.

*സെക്രട്ടറി*
*അന്വേഷി വിമെൻസ് ലൈബ്രറി*
*പി. ഒ. കുതിരവട്ടം*
*കോഴിക്കോട് 673016*
*ഫോൺ : 0495 – 2744370*

### കേരളീയത വിചാരണ ചെയ്യപ്പെടുമ്പോൾ അഥവാ മലയാളിക്ക് ഇതിലെന്ത്?
### കേരളീയം പ്രത്യേക പതിപ്പ്

ഗസ്റ്റ് എഡിറ്റർ : ഡോ. പി. രഞ്ജിത്

**അര നൂറ്റാണ്ടു** പിന്നിട്ട കേരളത്തിൽ വളരെ കുറച്ചുമാത്രം ചോദ്യം ചെയ്യപ്പെട്ടിട്ടുള്ള ഒന്നാണ് കേരളത്തിന്റെ ദേശീയ സംസ്കാരം അഥവാ കേരളീയത. വിദേശികൾക്ക് വർണചിത്രങ്ങളും കസർത്തുവാചകങ്ങളുമായി അച്ചടിച്ചു നൽകുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' എന്ന സർക്കാർ ആഖ്യാനം സാധാരണക്കാരനും അംഗീകരിച്ചു കഴിയുമ്പോൾ കേരളീയതയുടെ സമവാക്യമായി.

20-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ മലയാളി രൂപം കൊടുത്തുതുടങ്ങിയ ഈ ഭാഷാ ദേശീയത, കേരളമെന്ന ഭൂമിശാസ്ത്രപ്രദേശത്ത് ഇന്ന് അതിജീവിക്കുന്ന എല്ലാ സാമൂഹ്യവിഭാഗക്കാർക്കും തുല്യമായ പ്രാതിനിധ്യമുള്ളതാണോ? പുരുഷന്മാർ നിരന്തരമായി ആഖ്യാനം ചെയ്തെടുത്ത കേരളീയതയിൽ മുണ്ടും വേഷ്ടിയും ധരിച്ച് നിലവിളക്കു പിടിക്കുവാനോ കൈകൊട്ടിക്കളി കളിക്കാനോ മാത്രമാണോ സ്ത്രീകളുടെ നിയോഗം? ആദിവാസികളുടേയും ദളിതരുടേയും സ്വന്തമായ ഭാഷകളും മറ്റ് സാസ്കാരിക ബിംബങ്ങളും എത്രത്തോളം കേളീയതയിൽ ലയിച്ചു ചേർന്നിട്ടുണ്ട്?

ലോകത്തെല്ലായിടത്തും മുതലാളിത്ത ആധുനികതയുടെ കൂടപ്പിറപ്പായ ഭാഷാദേശീയതയും ചോദ്യം ചെയ്യപ്പെടുന്നുണ്ട്. നവസാമൂഹ്യ പ്രസ്ഥാനങ്ങളുമായി ബന്ധമുള്ള പലർക്കും ഇപ്പോഴും ഭാഷാടിസ്ഥാനത്തിലുള്ള ദേശീയ സംസ്കാരം ചോദ്യം ചെയ്യപ്പെടാനാവാത്ത 'സത്യം' ആണ്. എന്നാൽ പരിസ്ഥിതി-ദളിത്-ന്യൂനപക്ഷ പ്രവർത്തനങ്ങളിലെല്ലാം കേരളീയതയുടെ ഒരു ചോദ്യം ചെയ്യൽ അടങ്ങിയിട്ടുണ്ട് എന്നത് അവർ പലപ്പോഴും തിരിച്ചറിയാറില്ല.

വിവിധതലങ്ങളിൽ, വ്യത്യസ്ത വീക്ഷണകോണുകളിൽനിന്ന് ഇന്നത്തെ മലയാളിയുടെ അഹംബോധത്തെ ചോദ്യംചെയ്യുന്ന അന്വേഷണങ്ങൾ ക്ഷണിക്കുന്നു.

*ബന്ധങ്ങൾക്ക് : 9846237861, 9446576943*
*e-mail : robinkeraleeyam@gmail.com*

കേരളീയം

**10-ാം വർഷത്തിൽ...**
**പേജ് 19 കാണുക.**